പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 117** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>അഴീക്കൽ പോർട്ടിലെ പ്രവർത്തനങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. വി. സുമേഷ് ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** 2021 - 26 കാലഘട്ടത്തിൽ അഴീക്കൽ പോർട്ടിൽ നടത്തിയ പ്രവൃത്തികൾ, തുക എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

**<u>മറുപടി:</u>** 2021-2026 കാലഘട്ടത്തിൽ അഴിക്കൽ തുറമുഖത്ത് നടത്തിയ പ്രവർത്തികൾ, തുക എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. 25,36,663/- (ഇരുപത്തഞ്ച് ലക്ഷത്തി മുപ്പത്തി ആറായിരത്തി അറുന്നൂറ്റി അറുപത്തി മൂന്ന് രൂപ) രൂപയുടെ ഭരണാനുമതി അനുവദിച്ച, 160 കെ.വി.എ ജനറേറ്ററും, ജനറേറ്റർ റൂമും സ്ഥാപിക്കുന്ന പ്രവൃത്തി അഴീക്കൽ തുറമുഖത്ത് പൂർത്തീകരിച്ചിട്ടുണ്ട്.

2. 12,74,631/- (പന്ത്രണ്ട് ലക്ഷത്തി എഴുപത്തിനാലായിരത്തി അറുന്നൂറ്റി മുപ്പത്തിയൊന്ന് രൂപ) രൂപയുടെ ഭരണാനുമതി അനുവദിച്ച, അഴീക്കൽ തുറമുഖ വാർഫിലും, തുറമുഖ പരിസരങ്ങളിലും സിസി-ടിവി സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

3. 14,30,570/- (പതിനാല് ലക്ഷത്തി മുപ്പതിനായിരത്തി അഞ്ഞൂറ്റി എഴുപത് രൂപ) രൂപയുടെ ഭരണാനുമതി അനുവദിച്ച, പുതുതായി രണ്ട ഹൈമാസ്റ്റ് ലൈറ്റുകൾ (16 മീറ്റർ) സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

4. 3,56,360./- (മൂന്ന് ലക്ഷത്തി അമ്പത്തിയാറായിരത്തി മുന്നൂറ്റി അറുപത് രൂപ) രൂപയുടെ ഭരണാനുമതി അനുവദിച്ച, Automatic Identification System (AIS) സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

**(ബി)** ആരംഭിച്ച പ്രവൃത്തികൾ, പൂർത്തിയായവ, ആരംഭിക്കാനുള്ളവ എന്നിവ തരം തിരിച്ച് ലഭ്യമാക്കാമോ?

**<u>മറുപടി:</u>** ആരംഭിച്ച പ്രവൃത്തികൾ**,** പൂർത്തിയായവ**,** ആരംഭിക്കാനുള്ളവ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു**.**

**1. 60,00,000/- (**അറുപത് ലക്ഷം രൂപ**)** രൂപയുടെ ഭരണാനുമതി അനുവദിച്ച ഓഫീസ് നവീകരണ പ്രവൃത്തി പുരോഗതിയിലാണ്**.**

**2. 49,60,000/- (**നാൽപ്പത്തിയൊമ്പത് ലക്ഷത്തി അറുപതിനായിരം രൂപ**)** രൂപയുടെ ഭരണാനുമതി അനുവദിച്ച സിവിൽ വർക്ക്സ് **(**കോമ്പൗണ്ട് ഭിത്തിയുടെയും, പട്രോളിംഗ് പാത്ത് വേ-യുടെയും**)** പ്രവൃത്തി അരംഭിച്ചിട്ടില്ല**.**

**3. 5,55,00,000/- (**അഞ്ച് കോടി അമ്പത്തിയഞ്ച് ലക്ഷം രൂപ**)** രൂപയുടെ ഭരണാനുമതി അനുവദിച്ച**,** വെയർ ഹൗസിന്റെ നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടില്ല**.**

**4. 1,00,00,000.- (**ഒരു കോടി രൂപ**)** രൂപയുടെ ഭരണാനുമതി അനുവദിച്ച**,** ഗേറ്റ്**,** ഗേറ്റ് ഹൗസ് നിർമ്മാണം മറ്റ് അനുബന്ധ പ്രവർത്തികൾ എന്നിവ ആരംഭിച്ചിട്ടില്ല**.**

**5. 1,22,50,000/- (**ഒരു കോടി ഇരുപത്തിരണ്ട് ലക്ഷത്തി അമ്പതിനായിരം രൂപ**)** രൂപയുടെ ഭരണാനുമതി അനുവദിച്ച**,** ഇറമുഖ വാർഫിൽ അഗ്നിശമന ഉപകരണങ്ങൾ സ്ഥാപിക്കുന്ന പ്രവൃത്തി ആരംഭിച്ചിട്ടില്ല**.**

**6. 1,70,00,000./- (**ഒരു കോടി എഴുപത് ലക്ഷം രൂപ**)** രൂപയുടെ ഭരണാനുമതിയും**,** ഫണ്ടും അനുവദിച്ച**,** അഴിക്കൽ തുറമുഖത്ത് കേരള വാട്ടർ അതോറിറ്റിയുടെ പ്രത്യേക ശുദ്ധജല പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി ആരംഭിച്ചിട്ടില്ല**.**

**7.** മാന്വൽ ഡ്രെഡ്ജിംഗ് പ്രവർത്തികൾ നിലവിൽ നടക്കാത്തതിനാൽ **38,70,369/- (**മുപ്പത്തിയെട്ട് ലക്ഷത്തി എഴുപതിനായിരത്തി മുന്നൂറ്റി അറുപത്തി ഒൻപത് രൂപ**)** രൂപയുടെ ഭരണാനുമതി അനുവദിച്ച**,** മാന്വൽ ഡ്രെഡ്ജിംഗ് കടവുകളിൽ സിസി-ടിവി സ്ഥാപിക്കുന്ന പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല**.**

**സെക്ഷൻ ഓഫീസർ**